മനുഷ്യരെ ഹൃദയങ്ങൾകൊണ്ട് ബന്ധിപ്പിക്കാനും, ആശയങ്ങളെ പ്രവർത്തനങ്ങളാക്കി മാറ്റാനും, സ്വപ്നങ്ങൾക്ക് രൂപവും ദിശയും നൽകാനും കഴിയുന്നവർ അപൂർവമാണ്. നേതൃത്വത്തിന്റെ സൗമ്യതയും സംഘാടനത്തിന്റെ കൃത്യതയും ഒരുപോലെ സമന്വയിപ്പിക്കാൻ കഴിയുന്ന അവർ, ഏത് സംരംഭത്തിനും ജീവൻ പകരുന്ന സാന്നിധ്യമാണ്. ആളുകളെ ഒരുമിപ്പിക്കുന്ന വാക്കുകളും, ലക്ഷ്യത്തിലേക്ക് നയിക്കുന്ന പ്രവർത്തനശൈലിയും, വിജയത്തിലേക്ക് എത്തിക്കുന്ന ദീർഘവീക്ഷണവുമാണ് അവരുടെ മുഖമുദ്ര.

നമ്മുടെ ആലപ്പുഴ മീറ്റ് ഗംഭീരമാക്കാൻ അക്ഷീണം പ്രയത്നിച്ച,അതിന്റെ സംഘാടനത്തിൽ ഏറെ പുതുമകൾ കൊണ്ട് വന്ന അത്തരം ഒരു വ്യക്തിത്വത്തെയാണ് ഈ ദളം അവതരിപ്പിക്കുന്നത്.

ആർജിത് പ്രദീപ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
എടത്വ ശാഖ

ആലപ്പുഴ ജില്ലയിലെ പുറക്കാടാണ് ആർജിത്തിന്റെ ജന്മസ്ഥലം. ആർജിത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ചെമ്മീനിലെ കറുത്തമ്മയുടെ നാട്. എയർഫോഴ്സ് ഉദ്യോഗസ്ഥനായ പ്രദീപിന്റെയും മീരയുടെയും ആദ്യപുത്രൻ. ജനിച്ചത് ആലപ്പുഴയാണെങ്കിലും ബാല്യം അച്ഛന്റെ ജോലിസ്ഥലമായ ആഗ്രയിൽ ആയിരുന്നു. അച്ഛൻ അവിടെ നിന്നും ജമ്മുവിലേക്ക് മാറിയപ്പോൾ അമ്മക്കൊപ്പം ആർജിത് നാട്ടിലേക്ക് പോന്നു.

അച്ഛന്റെ പട്ടാളക്കഥകൾ കേൾക്കാൻ കാത്തിരുന്ന കുട്ടിയോട് അച്ഛൻ പറഞ്ഞതൊക്കെ നാടകകഥകൾ. അച്ഛനെഴുതിയ, സംവിധാനം ചെയ്ത, അഭിനയിച്ച നാടകങ്ങൾ.. ബാംഗ്ലൂർ നടന്ന ഒരു മത്സരത്തിൽ എൻ എൻ പിള്ളയുടെ നാടകത്തെപ്പോലും തോൽപ്പിച്ച കഥകൾ.

കെ ജി ക്ലാസുകൾ തോട്ടപ്പള്ളി സെന്റ് തോമസ് സ്കൂളിലായിരുന്നു. കുട്ടിക്കാലത്ത് ഒരു പരിപാടിക്ക് പോലും പങ്കെടുക്കാത്ത കുട്ടിക്ക് അക്കാലത്ത് ഒരു സമ്മാനം കിട്ടി. ഇത് വരെ ഒരു ടി ബി ക്കാരനും കിട്ടാത്ത ഒരു സമ്മാനം, ക്ലാസ്സിൽ നന്നായി ഉറങ്ങുന്ന കുട്ടിക്കുള്ള സമ്മാനം. വലിയ ക്ളാസുകളിലും ഈ സമ്മാനം വേണ്ടിയിരുന്നു എന്നാണ് ആർജിത്തിന്റെ അഭിപ്രായം.

ഏഴ് വരെ ആ സ്കൂളിൽ പഠനം തുടർന്നു. ഹൈസ്കൂളിൽ എസ് എൻ എം എച്ച് എസ് എസിലേക്ക് കടന്ന ശേഷമാണ് ആർജിത് ക്വിസ് മത്സരം തനിക്ക് പറ്റിയ ഒരു മേഖലയാണെന്ന് കണ്ടെത്തുന്നതും സ്ഥിരമായി ജില്ലാതലം വരെ എല്ലാ മത്സരങ്ങളിലും സ്കൂളിന് സമ്മാനം വാങ്ങിക്കൊടുത്തതും. ഹയർസെക്കന്ററിയിൽ പഠിക്കുമ്പോൾ ഹരി സാർ വഴി NSS ൽ സജീവമാകുകയും, സഭാ കമ്പം കുറയ്ക്കാൻ അതു സഹായകമാകുകയും

ചെയ്തു. കേരളത്തെ പ്രതിനിധീകരിച്ച് NSS ദേശീയ ക്യാമ്പിൽ പങ്കെടുക്കാൻ കഴിഞ്ഞ അനുഭവം ആർജിത്തിന് മറക്കാൻ കഴിയുന്നതല്ല.

സ്കൂൾ കാലത്ത് ക്രിക്കറ്റും പ്രിയപ്പെട്ട ഒന്നായിരുന്നു. ചെങ്ങന്നൂർ ഉള്ള ക്രിക്കറ്റ് അക്കാദമിയിൽ പരിശീലനം നേടാനും കഴിഞ്ഞു. അന്ന് ഒപ്പമുണ്ടായിരുന്ന സോണി ചെറുവത്തൂർ പിന്നീട് കേരള രഞ്ജി ടീം ക്യാപ്റ്റൻ ആയത് ഏറെ അഭിമാനം ഉളവാക്കുന്നു.

സ്കൂൾ കാലത്ത് വായന ഒരു ഹരമായിരുന്നു, ക്ലാസ്സ് ടീച്ചർ ആയിരുന്ന പ്രസന്ന കുമാരി ടീച്ചർ, SSLC ക്ക് കണക്കിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയതിന് ഒരു സമ്മാനം നൽകി "അഗ്നിചിറകുകൾ", മുൻപ് രാജ് ചെങ്കപ്പയുടെ "സമാധാനത്തിന്റെ ആയുധങ്ങൾ" എന്ന പുസ്തകം വായിച്ച് സ്പേസ് സയൻസിൽ ഉണ്ടായ താല്പര്യം ആളിക്കത്തിക്കാൻ ഇത് സഹായകമായി.
പ്ലസ് ടു വിന് ശേഷം നേരെ പൂനെയിൽ
എയർക്രാഫ്റ്റ് മെയിന്റെനൻസ് എഞ്ചിനീയറിംഗ്. പഠനത്തിന്റെ ഭാഗമായി തിരുവനന്തപുരം എയർപോർട്ടിലും ബാംഗ്ലൂർ ഹൊസൂർ എയർപോർട്ടിലും ഒക്കെ പരിശീലനം ലഭിച്ചിരുന്നു. പഠനത്തിനിടെ നാട്ടിൽ വരുമ്പോൾ പഴയ QUIZ ഓർമയിൽ ചില പരീക്ഷകൾ എഴുതുകയും ചെയ്തിരുന്നു. ആദ്യമായി PSC പരീക്ഷ എഴുതിയ LD Clerk വിജയിക്കാനും കഴിഞ്ഞു. പക്ഷെ പി എസ് സി നിയമനങ്ങൾക്ക് 1-2 വർഷം എങ്കിലും കാലതാമസം ഉണ്ടായിരുന്നു.

കോഴ്സ് കഴിഞ്ഞ സമയത്താണ് ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യം ഉണ്ടായത്. തിരികെ നാട്ടിൽ എത്തിയ അതെ സമയത്ത് ആണ് എയർഫോഴ്സ് സർവീസ് പൂർത്തിയാക്കി വന്ന ശേഷം ഗൾഫിൽ ജോലിക്ക് പോയിരുന്ന അച്ഛൻ അവിടെ നിന്നും മടങ്ങിയത്. ഇത് പെട്ടെന്നു ഒരു ജോലിയുടെ ആവശ്യകതയിലേക്ക് എത്തിച്ചു. അങ്ങനെയാണ് ബ്രില്ല്യൻസ് കോളേജിൽ അധ്യാപനത്തിന് ചേരുന്നത്. പഠിപ്പിക്കലും പഠനവും ഒരുപോലെ മുന്നോട്ട് പോയ കാലം.

ഇതിന് ഗുണമുണ്ടായി. സ്വപ്നം പോലും കാണാൻ കഴിയാത്ത ഒരു ജോലിയാണ് ആദ്യം തേടിയെത്തിയത്. ഇന്റലിജൻസ് ബ്യൂറോയിൽ. തുടർന്ന് എസ് ബി ടി യിലേക്കും, എസ് ബി ഐ ലേക്കും റവന്യൂ ഡിപ്പാർട്ട്മെന്റിൽ എൽഡിസി ആയും. ഒക്കെ ഒന്നിന് പുറകിൽ ഒന്നായി വന്നു. അച്ഛന്റെ സഹോദരൻ ഒരു എസ് ബി ടി ജീവനക്കാരൻ ആയിരുന്നു. അന്ന് പുറക്കാട് എന്ന കൊച്ചു ഗ്രാമത്തിൽ ആകെ ഉള്ള സർക്കാർ ഓഫീസുകൾ പോസ്റ്റ് ഓഫീസും എസ് ബി ടിയുമായിരുന്നു. ഏതെങ്കിലും ഒരു ബാങ്ക് ജോലി എന്നത് ഒരിക്കലും ഒരു സ്വപ്നം ആയിരുന്നില്ല. പക്ഷെ എസ് ബി ടിയിൽ ഒരു ജോലി ആർജിത്തിന്റെ വലിയ സ്വപ്നമായിരുന്നു. അതുകൊണ്ടുതന്നെ ഈ ജോലികളിൽ ആർജിത്തിന് ഏറ്റവും പ്രിയം എസ് ബി ടിയിലെ ജോലിയായിരുന്നു.

2013ൽ ആർജിത്ത് എസ്ബിടി ജീവനക്കാരനായി. ഒരുപക്ഷേ കേരളത്തിലെ ബാങ്കുകളിലെ തന്നെ ഏറ്റവും വലിയ ബാച്ച് ആയിരുന്നു അത്. അക്കൂട്ടത്തിൽ ഉണ്ടായിരുന്ന ശർമിന എം സുബൈറിന്റെ നേതൃത്വത്തിൽ തണൽ എന്ന പേരിൽ ഒരു കൂട്ടായ്മ ഉണ്ടാവുകയും റീജിയണൽ ക്യാൻസർ സെന്ററിലെ കുട്ടികൾക്ക് വേണ്ടി ഈ കൂട്ടായ്മ പണം സമാഹരിച്ച് നൽകുകയും, സർവീസിൽ ഇരിക്കെ മരിച്ചു പോയ തങ്ങളുടെ സഹ പ്രവർത്തകന്റെ പേരിൽ ആള് പഠിച്ച സ്കൂളിൽ ലൈബ്രറി സ്ഥാപിക്കുകയും... അങ്ങനെ പല പല പ്രവർത്തങ്ങളിലൂടെ ഈ ബാച്ച് ഇന്നും കെട്ടുറപ്പോടെ മുന്നോട്ട് പോകുന്നു.

2013 ൽ റാന്നി ശാഖയിലായിരുന്നു ആർജിത്തിന്റെ ആദ്യ നിയമനം. അവിടെ നിന്നും താൻ സ്വപ്നം കണ്ട പുറക്കാട് ശാഖയിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും തുടർന്ന് അർത്തിശ്ശേരി ബ്രാഞ്ചിലേക്കും പിന്നീട് ഇന്ന് ജോലിചെയ്യുന്ന എടത്വ ബ്രാഞ്ചിലേക്കും സ്ഥലംമാറ്റം ലഭിക്കുകയും ചെയ്തു.

2017ൽ ചേർത്തല സ്വദേശിനിയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ജീവനക്കാരിയുമായ മേഘ ആർജിത്തിന്റെ ജീവിതത്തിലേക്ക് കടന്നു വന്നു. അതോടെ SBI -SBT ലയനം. ആർജിത്തിന് ഏറെ പ്രിയപ്പെട്ട പുറക്കാട് ശാഖയിലാണ് മേഘ ഇപ്പോൾ ജോലി ചെയ്യുന്നത്.

ഈ ദാമ്പത്യവല്ലരിയിൽ രണ്ടു കുസുമങ്ങൾ. മൂന്നാം ക്ലാസ് വിദ്യാർത്ഥിയായ ദേവർഷും മൂന്നു വയസ്സുകാരൻ അദ്വിനും. ആർജിത്തിന്റ ഏക സഹോദരൻ പ്രമിത്ത് കുടുംബമായി ദുബായിലാണ് ഉള്ളത്.

ടിബി രൂപം കൊണ്ട കാലം മുതൽ ആർജിത് ടിബിയിൽ അംഗമായിരുന്നു. സാജൻ മൂവി ക്ലബ്ബിന്റെ കൺവീനർ ആയിരിക്കുന്ന സമയത്ത് ആർജിത്തിന്റെ സിനിമ സംബന്ധമായ ലേഖനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെടുകയും സാജൻ ബാങ്കിംഗ് രംഗം വിട്ടതോടെ മൂവി ക്ലബ്ബിന്റെ ചുമതലക്കാരനായി ആർജിത് മാറുകയും ചെയ്തു.

ആലുവ മീറ്റിലാണ് ആർജിത് ആദ്യമായി പങ്കെടുക്കുന്നത്. വെറും ഒരു കാഴ്ചക്കാരനായി. കൊല്ലം മീറ്റ് വരുമ്പോഴേക്കും മൂവി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മനോഹരമായ ഒരു സിനിമാ ക്വിസ് മത്സരം സംഘടിപ്പിക്കാൻ ആർജിത്തിന് കഴിഞ്ഞു. കോഴിക്കോട് അത് തുടർന്നു. കോട്ടയം മീറ്റ് എത്തുമ്പോഴേക്കും തന്റെ സംഘാടന മികവ് തെളിയിച്ചുകൊണ്ട് മനോഹരമായ ഒരു ഷോർട്ട് ഫിലിം ഫെസ്റ്റിവലിലേക്കാണ് ആർജിത് ടി ബി യെ കൊണ്ടുപോയത്.

ആലപ്പുഴയിൽ നടന്ന മീറ്റിൽ ഫിലിം ഫെസ്റ്റിവലിന് പുറമേ എന്തെല്ലാം

പുതുമകളായിരിന്നു. എല്ലാത്തിലും ആർജിത്തിന്റെ കൃത്യമായ പ്ലാനിംഗും നടപ്പിലാക്കാനുള്ള കഴിവും പ്രകടമായി.

ജോലിതിരക്കിനിടയിലും നാട്ടിലെ SVS PSC CENTRE ൽ സുമേഷ് സാറുമായി ചേർന്ന് ദിവസവും കുട്ടികൾക്കു സൗജന്യമായി പി എസ് സി പരിശീലനം നടത്തുകയും അതിലൂടെ നാട്ടിൽ ഒരുപാട് സർക്കാർ ജീവനക്കാരെ സൃഷ്ടിക്കുകയും ചെയ്ത ആർജിത് പുറക്കാട്ടെ യുവവേദി വായനശാലയുടെ പ്രസിഡന്റ് കൂടിയാണ്.

രണ്ട് വർഷം മുൻപ് സ്വന്തം നാടിനടുത്ത് അമ്പലപ്പുഴയിൽ വീട് നിർമിച്ച് താമസം മാറി. സാമൂഹ്യസേവനം ജീവനമാക്കിയ ആർജിത്തിന് ഇനിയും ഒരുപാട് പടവുകൾ താണ്ടാനുണ്ട്. സൗമ്യമായ ചിരിക്ക് പിന്നിൽ മനസ്സിൽ നിറയെ ആശയങ്ങളാണ്. അവയൊക്കെ പ്രവർത്തിപഥത്തിലെത്തിക്കാൻ ആർജിത്തിന് അവസരങ്ങൾ ഉണ്ടാകട്ടെ എന്ന് ടി ബി കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Arya Gayathry, State Bank of India, Regional Office, Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം
-----------------------------------------------------------------------------------------------
There are people who can connect hearts, transform ideas into action, and give shape and direction to dreams. Such individuals are rare. They possess the rare ability to blend the gentleness of leadership with the precision of organization, becoming the driving force behind every initiative they undertake. Their words bring people together, their actions inspire collective effort, and their vision guides teams toward success.

Today, we present one such personality — the man whose tireless efforts, innovative thinking, and meticulous micro planning played a pivotal role in making our Alappuzha Meet a grand success.

Aarjith Pradeep
State Bank of India
Edathua Branch

Aarjith hails from Purakkad in Alappuzha district — in his own words - the land of Karuthamma from Chemmeen. He is the elder son of Shri. Pradeep, an Air Force officer, and Smt. Meera.

Though born in Alappuzha, much of his early childhood was spent in Agra, where his father was posted. When his father was later transferred to Jammu, Aarjith returned to Kerala with his mother.

As a child, he eagerly waited to hear tales of military adventures from his father. Instead, what fascinated him were stories from the stage — plays written, directed, and acted by his father, including productions that had won prestigious competitions and earned widespread acclaim – even a story that was adjudged better than N. N. Pilla's play.

His schooling began at St. Thomas School, Thottappally. During those years, he was not particularly known for participating in extracurricular activities. However, he did earn a rather unique distinction — an award for being the student who slept most diligently in class! According to Aarjith, such awards should perhaps be extended to higher classes as well.

He continued there until the seventh standard before joining SNMHSS for high school. It was here that he discovered his aptitude for quiz competitions. Soon, he became a familiar face at district-level contests, consistently bringing laurels to his school.

During his higher secondary years, his involvement in the NSS under the guidance of Hari Sir helped him overcome stage fright and develop confidence. Representing Kerala at a National NSS Camp remains one of the most cherished experiences of his life.

Cricket too occupied a special place in his school days. He trained at a cricket academy in Chengannur and takes pride in the fact that one of his fellow trainees, Sony Cheruvathur, later went on to captain the Kerala Ranji Trophy team.

Books became another lifelong companion. His class teacher, Prasanna Kumari Teacher, gifted him Wings of Fire after he secured the highest marks in Mathematics in the SSLC examination. Along with Raj Chengappa's Weapons of Peace, the book ignited in him a deep fascination for space science.

After Plus Two, Aarjith moved to Pune to pursue Aircraft Maintenance Engineering. As part of his training, he had opportunities to work at airports in Thiruvananthapuram and Hosur, Bengaluru. During his visits home, memories of his quiz days inspired him to attempt a few competitive examinations.

His very first PSC examination, for the post of LD Clerk, turned out to be successful. However, the lengthy wait associated with government appointments led him to explore other opportunities.

Around the time he completed his course, the world was experiencing a severe economic recession. Simultaneously, his father returned from the Gulf after completing his Air Force service and subsequent overseas employment. The circumstances created an immediate need for a stable job, leading Aarjith to join Brilliance College as a faculty member. It was a period during which teaching and learning progressed hand in hand.

The effort bore fruit. First came an opportunity that once seemed unimaginable - a position with the Intelligence Bureau. It was followed by appointments in State Bank of Travancore, State Bank of India, and the Revenue Department as an LD Clerk. His paternal uncle worked in the State Bank of Travancore. In Purakkad, the only government institutions he saw were the Post Office and the State Bank of Travancore branch. Though a bank job had never been his childhood dream, somewhere along the way, securing a position in SBT became his cherished ambition. Among all the opportunities that came his way, it was the SBT appointment that held a special place in his heart.

In 2013, Aarjith joined State Bank of Travancore. It was one of the largest recruitment batches in the history of banking in Kerala. Under the leadership of Sharmina M. Subair, the batch formed a collective named Thanal, which undertook several meaningful initiatives — raising funds for children undergoing treatment at the Regional Cancer Centre, establishing a library in memory of a colleague who passed away while in service, and carrying out numerous other charitable activities. The bonds forged through those efforts remain strong even today.

His first posting was at Ranni Branch in 2013. Subsequently, he was transferred to Purakkad, the branch he had once dreamt of working in, before moving on to Arthissery and later to his current posting at Edathua Branch.

In 2017, Megha, an SBI employee from Cherthala, entered his life. Coincidentally, it was also the year of the SBI–SBT merger. (So, that was the reason! 😄)Today, Megha serves at the very branch that Aarjith holds closest to his heart — Purakkad Branch.

Their family is blessed with two sons — Devarsh, a third-standard student, and three-year-old Adwin. Aarjith's younger brother, Pramith, lives in Dubai with his family.

Aarjith has been associated with the TB family since its formative years. During the period when Sajan served as Convener of the Movie Club, Aarjith's writings on cinema attracted considerable appreciation. When Sajan moved away from the banking sector, Aarjith naturally stepped into the role of Movie Club Convener.

His first TB Meet experience was at Aluva, where he attended simply as a participant. By the time of the Kollam Meet, he had successfully organized an engaging film quiz under the banner of the Movie Club. The initiative continued at Kozhikode. At Kottayam, he

elevated the experience further by introducing a well-curated Short Film Festival, showcasing his remarkable organizational abilities.

Then came Alappuzha.

Beyond the Film Festival, the Alappuzha Meet introduced several innovative features that added a fresh dimension to the event. Behind many of those ideas stood Aarjith's meticulous planning, creativity, and exceptional execution.

Despite the demands of his banking career, he continues to dedicate his evenings to public service. Along with Sumesh Sir, he conducts free PSC coaching classes every day at SVS PSC Centre, helping countless young aspirants secure government jobs. He also serves as the President of the Purakkad Yuvavedi Library.

Two years ago, he built his home near his native place, at Ambalappuzha, where he now resides with his family.

For Aarjith, social commitment is not merely an activity but a way of life. Behind that ever-present gentle smile lies a mind brimming with ideas, dreams, and possibilities. May he continue to find opportunities to transform those ideas into meaningful action and scale even greater heights in the years ahead.

The TB family extends its warmest wishes to him on his journey forward.